the Travancore Verumpattom Holders (Stay of eviction Proceedings) Bill 1124. The Select Committee sent us back the Travancore Holdings (Stay of Execution Proceedings) Bill, 1124. This House committed only the Verumpattom Holders Bill. But that bill did not come back. On that question, Sir, whether the Committee went beyond the scope of the bill or not, I just bring to the notice of the Chair a passage in May's Parliamentary Practice. It says thus: "the Select Committee's deliberations or enquiries are defined by the order by which the Committee is appointed and the deliberations or enquiries of the Committee must be confined within the limits of the order of reference" Then, order of reference is defined thus: "When a Bill is committed or referred to a Select Committee, the bill is itself the order of reference, and the enquiries and deliberations of the Committee must be confined to the bill and the amendment relevant to the subject matter thereof." So the order of reference to the Committee is about the Verumpattom Holders Bill, under May's Parliamentary Practice, 14th Edition. Page 581. The scope of the deliberations or enquiries is defined by the order of reference by which the Committee is appointed. That is how it has been laid down in one of the best authorities on parliamentary practice. Sir, when definitely this House discussed the Verumpattom Holders Bill and after discussion it was sent up to the Select Committee and if the Select Committee goes beyond the purview of the bill and includes all the holdings—not only verumpattom holdings but all the holdings—it must be held that the Select Committee went beyond its scope.

MR. T A. ABDULLA: Is the honourable member aware of what the Select Committee says at the beginning of its report?

MR. P. S. NATARAJA PILLAI: I would request my friend to be kind euough to wait till I conclude. I am aware that the Select Committee says "during the course of debate on the Bill in the Assembly several honourable members stressed on the need for enlarging the scope of the bill, etc." Therefore, this Select Committee went beyond its scope. I will quote a ruling, Sir, from the proceedings of the Travancore Legislative Council dated 21st November 1936 "Now the speeches made by the spokesmen of the bill are important in the matter of the scope and character of the bill, but that should not be treated as conclusive or decisive." So speeches in this House are not conclusive or decisive. The work to Legislatures is based on general parliamentary practice. What is the term of reference? When we committed the bill to the Select Committee it was a Verumpattom Holders Bill. There was no other reference, There was no order of reference as such by a resolution of this House that the Select Committee should go beyond Verumpattom Holders (Stay of Eviction Proceedings) Bill. There ought to have been a detailed and specific direction to change tht character of the Bill. In the absence of such direction, when thae Committee goes beyond its scope and takes note of different view-

LIBRARY ARCHIVES Kerala Legislative Assembly

points expressed in the House, and widens the scope and character of the bill, it goes beyond its powers and its action is ultra vires. As my friend Mr. Nanoo pointed out I may not be right in expounding it further. I place it as a point of order with this statement, for the consideration of the House.

HON'BLE MR. A. J. JOHN : സർ, ഈ പോയിന്റ് ഓഫ് ഓർഡറിനെ സംബന്ധിച്ച് എനിക്കു പറയാനുള്ളതു് ഇതാണു്. ഈ ബില്ലു് സെലക്ട് കമ്മിറ്റിക്കു് അയക്കണമെന്നു പറഞ്ഞപ്പോൾതന്നെ ഈ ബില്ലിന്റെ വ്യവസ്ഥകളിൽ സാരമായ ഭേദഗതികൾ വരുത്തണമെന്നു് ഈ സഭയിലെ ബഹുമാനപ്പെട്ട പല മെമ്പറന്മാരും അഭിപ്രായപ്പെട്ടിട്ടുണ്ടെന്നു് ഞാൻ പ്രസ്താവിച്ചു. അതുകൊണ്ടു് അപ്രകാരം സാരമായ ഭേദഗതികൾ ഈ ബില്ലിൽ ചെയ്യുന്നതിനു് സെലക്ട് കമ്മറ്റിക്കു് അധികാരവും അവകാശവുമുണ്ടായിരിക്കുമെന്നും ഞാൻ പ്രസ്താവിച്ചു. ഞാൻ അങ്ങനെ പ്രസ്താവിച്ചപ്പോൾ അങ്ങനെ സാരമായ ഭേദഗതി വരുത്താൻ സെലക്ട് കമ്മറ്റിക്കു് അധികാരമില്ല, അല്ലെങ്കിൽ അവർ സാരമായ ഭേദഗതികൾ വരുത്താൻ പാടില്ലാ എന്നു് ഒരഭിപ്രായം ഈ സഭയിലെ യാതൊരംഗവും പറഞ്ഞില്ല. അതുകൊണ്ടു് ഞാൻ മനസിലാക്കുന്നതു് സെലക്ട് കമ്മറ്റിക്കു് സാരമായ ഭേദഗതികൾ ചെയ്യുന്നതിനു് അവകാശമുണ്ടെന്നുള്ള ധാരണയിലാണു് അല്ലെങ്കിൽ അങ്ങനെ ഒരു വ്യവസ്ഥയിലാണു് ബില്ലു് സെലക്ട് കമ്മറ്റിക്കു് അയച്ചിട്ടുള്ളതെന്നാണു്. അങ്ങനെ സാരമായ ഭേദഗതികൾ ചെയ്യുവാൻ സെലക്ട് കമ്മറ്റിയെ അധികാരപ്പെടുത്തിയതിനുശേഷം ഇന്നിങ്ങനെയുള്ള പോയിന്റ് ഓഫ് ഓർഡറുകൾ കൊണ്ടുവരുന്നതു് ശരിയല്ലെന്നാണു് എനിക്കു് പറയാനുള്ളതു്.

MR. THARIATHU KUNJITHOMMAN : ബില്ലിന്റെ പേരുതന്നെ മാറിപ്പോയില്ലേ ?

HON'BLE MR. A. J. JOHN : സാരമായ ഭേദഗതികൾ വരുത്താമെന്നു് പറഞ്ഞാൽ വേണ്ടിവന്നാൽ റൈറ്റിലും ഭേദപ്പെടുത്താമെന്നാണു് മനസിലാക്കേണ്ടതു്.

MR. THARIATHU KUNJITHOMMAN : രാമൻ കൃഷ്ണനായിപ്പോയി എന്നു കരുന്നതു് ശരിയാണോ ?

HON'BLE MR. A. J. JOHN : രാമൻ രാമനായിട്ടും കൃഷ്ണൻ കൃഷ്ണനായിട്ടുംതന്നെ ഇരിക്കും.

MR. P. BALAKRISHNAN THAMPI : സാരമായ ഭേദഗതികൾ വരുത്താണമെന്നു് പല മെംബറന്മാരും പ്രസംഗിച്ചതുകൊണ്ടു് അങ്ങനെ ചെയ്തുകൊള്ളാൻ definite ആയിട്ടു് ഒരു അനുവാദംകൊടുത്തു എന്നാണോ മനസിലാക്കിയതു് ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. A. J. JOHAN : എന്നല്ല മനസ്സിലാക്കിയത്. ഈ സഭയിൽ അവതരിപ്പിച്ചപ്പോൾ അതിനെപ്പറ്റി അഭിപ്രായം പറഞ്ഞ എല്ലാ മെംബറന്മാരും ബില്ല് സെലക്ട് കമ്മിറ്റിക്കയച്ച് സാരമായ ഭേദഗതികൾ ചെയ്യേണ്ടതാണെന്നു പറഞ്ഞു. അതുകൊണ്ട് ബില്ലിൽ സാരമായ ഭേദഗതികൾ ചെയ്യുന്നതിന് സെലക്ട് കമ്മിറ്റിക്കു അധികാരമുണ്ടായിരിക്കുമെന്ന് ബില്ലുമൂവ് ചെയ്ത മെമ്പർതന്നെ പ്രസ്താവിച്ചിട്ടുള്ളതാണ്.

MR. K. P. NILAKANTA PILLAI : അങ്ങനെ ഒരു പ്രസ്താവന ചെയ്തപ്പോൾ സെലക്ട് കമ്മറ്റിക്ക് അധികാരം കിട്ടിയോ ?

HON'BLE MR. A. J. JOHN : കിട്ടി എന്നു തന്നെയാണ് എന്റെ അഭിപ്രായം.

MR. D. GNANASIGAMONI: Is there any rule which limits the powers of the Select Committee ?

HON'BLE MR. A. J. JOHN : രൂളില്ലെങ്കിലും അങ്ങനെ ഒരു വ്യവസ്ഥയേർപ്പെടുകയാണ് സെലക്ട് കമ്മിറ്റിയിലേയ്ക്ക് അയച്ചത്. അതിൽ യാതൊരു സംശയത്തിനും അവകാശമില്ല. May's Parliamentary Practice' ന്റെ വ്യ്ക്ഷം പേജിൽ പറഞ്ഞിരിക്കുന്നത്.

> If, on the other hand, it is deemed available to restrict the scope of the inquiry, or to limit the committee's powers, an instruction may be given to the committee requiring it to refrain from considering the matter or doing the act which forms the subject of the instruction; and, if so desired, instructions may also be given to committee prescribing their course of proceedings.

എന്നാണ് പറഞ്ഞിരിക്കുന്നത്.

MR. P. BALAKRISHNAN THAMPI: Where any instructions given to the committee ? If so what were they ?

MR. K. P. NILAKANTA PILLAI: With reference to the passage quoted by the Hon. Law Minister may I ask the instruction that was given to the committee by this house ?

HON'BLE MR. A. J. JOHN : അതുതന്നെയാണ് ഞാൻ പല പ്രാവശ്യവും പറഞ്ഞത്. ഇനിയും മനസ്സിലായില്ലെങ്കിൽ നിവൃത്തിയില്ല.

MR. K. P. NILAKANTA PILLAI: Does not the expression..... instructions may be given to committees at the time of their appointment.....occur in the passage read out by the Hon. Minister ?

HON'BLE MR. A. J. JOHN : എന്നല്ല ഞാൻ പറഞ്ഞത്. ഇതിൽ കൂടുതൽ വ്യക്തമായി പറയാൻ എനിക്ക് സാദ്ധ്യമല്ല. ഞാൻ പറയുന്നത് അങ്ങനെ സാരമായ ഭേദഗതികൾ വരുത്താമെന്നുള്ള വ്യവസ്ഥയോടുകൂടിത്തന്നെയാണ് ബില്ല് സെലക്ട് കമ്മിറ്റിക്ക് അയച്ചതെന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

MR. K. P. NILAKANTA PILLAI: The terms of reference to the Select Committee have been materially altered and that ought not to have been done.

HON'BLE MR. A. J. JOHN: അങ്ങനെ ഒന്നും അയച്ചിട്ടില്ല.

MR. P. BALAKRISHNAN THAMPI: സെലക്ട് കമ്മിറ്റിക്ക് സാരമായ ഭേദഗതികൾ വരുത്താമെന്ന വ്യവസ്ഥയനുസരിച്ചാണ് അങ്ങനെ ചെയ്തതെന്ന പറയുന്നു. നിയമസഭയിൽ ആരെങ്കിലും പറയുന്ന അഭിപ്രായങ്ങളെല്ലാം കേട്ട് അതുപോലെ ഭേദഗതി ചെയ്യണമെന്നാണോ വ്യവസ്ഥ? എനിക്ക് അധികം ദ്വേഷ്യം വരുന്നില്ലാത്തതുകൊണ്ട് .....

HON'BLE MR. A. J. JOHN: സെലക്ട് കമ്മിറ്റിക്ക് അയച്ചതു അങ്ങനെ ഒരു വ്യവസ്ഥയോടുകൂടിത്തന്നെയാണ്. ബില്ല് മൂവുചെയ്ത മെംബർ അതു ഇവിടെ പ്രസ്താവിക്കുകയും ചെയ്തു. എഴുതി അറിയിക്കുകയായിരുന്നില്ല ചെയ്തതെന്നും ഇവിടെ പ്രസ്താവിച്ചുകഴിഞ്ഞു.

MR. P. BALAKRISHNAN THAMPI: സെലക്ട് കമ്മിറ്റിയുടെ റിപ്പോർട്ടിൽ അങ്ങനെ പറഞ്ഞിട്ടുണ്ടെന്നാണോ പറയുന്നതു്.

HON'BLE MR. A. J. JOHN: അതുതന്നെയാണു റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതു്.

There is widespread complaint that suits for the eviction of Verumpattom holders are on the increase. Government consider it necessary to investigate the relationship between landlords and verumpattom holders and to bring into force a comprehensive measure to settle the relationship between them so as not to cause any unnecessary hardship to the cultivating tenant ....In consonance with this the Select Committee have recorded as follows:

"During the course of the debate on the bill in the Assembly several honourable members stressed on the need for enlarging the scope of the bill by including lands held under otti, pinayam etc. The Hon. Minister in charge of the bill in his reply assured the House that this matter would be considered by the Select Committee. It is in accordance with this direction that the committee decided to enlarge the scope of the bill. The title of the bill has been changed and the provisions of the bill amended likewise."

MR. P. BALAKRISHNAN THAMPI: ഓരോ ഖണ്ഡവും നടത്തിയ അഭിപ്രായപ്രകടനങ്ങളെയല്ല പാർലമെന്ററി സംപ്രദായമനുസരിച്ചുള്ള ഡയറക്ഷൻ കൊണ്ടു അർത്ഥമാക്കുന്നതു്. പലതും അഭിപ്രായപ്രകടനങ്ങളും നടത്തിയതിനുശേഷം അവസാനംചെയ്യുന്ന തീരുമാനമോ വ്യവസ്ഥയോ ആണു് ഡയറക്ഷൻ. അല്ലാതെ പാസ്സുചെയ്ത സംഭവങ്ങളുടെ മീറിംഗ്സുകളിലെ റിപ്പോർട്ടിലും മറ്റും പറയുംപോലെ "ഇന്നാരുടെയെല്ലാം അഭിപ്രായപ്രകടനങ്ങളും കഴിഞ്ഞു് നാലുമണിക്കു യോഗം

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Balakrishnan Thampi]

മംഗളമായി പര്യവസാനിച്ചു", എന്നു പറയുന്നതു് അല്ല പാർല മെൻററി പ്രാക്ററീസിൽ പറഞ്ഞിരിക്കുന്നതു്. എല്ലാവരുടെയും അഭിപ്രായങ്ങളും പറഞ്ഞിട്ടു ഇന്നായിന്ന കാര്യങ്ങളും ചെയ്യണമെന്നു് ഒരു തീരുമാനം ചെയ്തു് അതനുസരിച്ചു് ചെയ്യണമെന്നു പറയുന്നതാണു് "ഡയറക്ഷൻ" എന്ന മാതൃഭാഷയിൽ വീണ്ടും വീണ്ടും പറഞ്ഞു് മനസ്സിലാക്കിക്കൊള്ളുന്നു.

HON'BLE MR. A. J. JOHN : ഇന്നയിന്ന കാര്യങ്ങളും സെലക്ററു കമ്മിററി ചെയ്യണമെന്നു് പ്രത്യേകം പറഞ്ഞുകൊടുക്കേണ്ട ആവശ്യമില്ല. അങ്ങനെയാണെങ്കിൽ പിന്നെ സെലക്ററുകമ്മിററിക്കു് അയക്കേണ്ട ആവശ്യമേ ഇല്ലല്ലോ.

MR. PRESIDENT : മി. പി. എസ്സു്. നടരാജപിള്ള ഉന്നയിച്ച പോയിൻറു് ആഫ് ആർഡർ ഈ ബില്ലുതന്നെ മാറി പ്പോയി എന്നാണു്. ആദ്യം ഇവിടെ അവതരിപ്പിച്ച 'The Travancore Verumpattom Holders' (stay of eviction Proceedings Bill.ന്റെ ഉദ്ദേശകാര്യവിവരണത്തിൽ പറഞ്ഞിരിക്കുന്നതു "there is widespread complaint that suits for the eviction of verumpattom holders are on the increaes. Government consider it necessary to investigate the relationship between landlords and verumpattom holders and to bring into force a comprehensive measure to settle the relationship between them so as not to cause any unnecessary hardship to the cultivating tenant ....." എന്നാണു്. എന്നാൽ സെലക്ററുകമ്മിററി അമൻറു ചെയ്തിരിക്കുന്നതനുസരിച്ചു് വെറുംപാട്ടംഹോൾഡേഴ്സിനെ മാത്രമല്ല ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളതു്. കൂടുതലായിട്ടു് പല കാര്യങ്ങളേയും കൂടി പരിഗണിച്ചു് മിക്കവാറും പഴയ ബില്ലിന്റെ പല പ്രധാന പ്രൊവിഷൻസും മാററിയാണു് സെലക്ററുകമ്മിററി കൊണ്ടുവന്നിരിക്കുന്നതു്. ഇങ്ങനെ മാററി കൊണ്ടുവരുന്നതു് സാധാരണ രീതിയിൽ ശരിയല്ലെന്നതന്നെയാണു് എന്റെയും അഭിപ്രായം (ഹീയർ, ഹീയർ) എന്നാൽ ഈ ബില്ലിനെ സംബന്ധിച്ചിടത്തോളമാണെങ്കിൽ പല മെമ്പറന്മാരും വെറുംപാട്ടക്കാരനെമാത്രം സംബന്ധിക്കുന്ന ഒരു ബില്ലു പോരാ, മറെറല്ലാത്തരം ഭൂമി കൈവശക്കാരെയും സംബന്ധിക്കുന്ന ഒരു ബില്ലാണു് വേണ്ടതെന്നു് അഭിപ്രായപ്പെടുകയും അതനുസരിച്ചു് ബില്ലിന്റെ സാരമായ ഭേദഗതികൾ വരുത്തുന്നതിനു് സെലക്ററുകമ്മിററിക്കു് അധികാരമുണ്ടായിരിക്കുമെന്നു് ബഹുമാനപ്പെട്ട നിയമവകുപ്പുമന്ത്രി പ്രസ്താവിക്കുകയും ചെയ്തതിന്റെ ഫലമായിട്ടാണു് സെലക്ററുകമ്മിററി ഇങ്ങനെ മാററങ്ങൾ വരുത്തിയിട്ടുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

MR. P. BALAKRISHNAN THAMPI: Sir, I have some doubt to be cleared.

MR. PRESIDENT: Mr. Thampi should not interrupt when the President is on his legs.

MR. ABDUL RAZAK (*Nedumangaud I—Mslim*): May I remind the famous Tenhaliraman and his 'role?

MR. CHITHAMBARANATHA NADAR: May I ask whether he is aware of the famous Unnikumaran and Tennali Raman and their role in history?

MR. PRESIDENT: Mr. Thampi will resume his seat.

അതൊരു terms of reference ആയിട്ടു സെലക്റ്റ്കമ്മിറ്റി സ്വീകരിക്കുന്നതു അധികൃതമാണെന്നു പറയാൻ നിവൃത്തിയില്ല. സെലക്റ്റ്കമ്മിറ്റിറിപ്പോർട്ടിൽത്തന്നെ ആ ഭാഗം വിശദമായി പറഞ്ഞിട്ടുണ്ടു. സാരമായ മാറ്റങ്ങൾ വരുത്താനുള്ള കാരണമെന്താണെന്നു സെലക്റ്റ്കമ്മിറ്റിറിപ്പോർട്ടിൽത്തന്നെ പറഞ്ഞിട്ടുള്ളതു ബഹുമാനപ്പെട്ട മെമ്പർ ഇവിടെ വായിക്കുകയുണ്ടായി. അതു രണ്ടാമതു വായിക്കണമെന്നു വിചാരിക്കുന്നില്ല. സഭയിൽ നടന്ന പല പ്രസംഗങ്ങളും അതേ തുടർന്നു ബഹുമാനപ്പെട്ട ലാ മെംബർ കൊടുത്ത വിശദീകരണവും, ഉറപ്പും.....

MR. P. BALAKRISHNAN THAMPI: All that reference is not relevant though I do not want to refer to them by way of reply.

MR. PRESIDENT: Order, Order. Mr. Tampi will please resume his seat.

MR. PRESIDENT: ലാ മെമ്പർ കൊടുത്ത വിശദീകരണവും ഉറപ്പും വായിച്ചുനോക്കുമ്പോൾ പല വ്യത്യാസങ്ങളും ഈ ബില്ലിൽ സെലക്റ്റ്കമ്മിറ്റി ചെയ്തിട്ടുണ്ടെങ്കിലും അതു ഓർഡറിലാണെന്നു ഞാൻ റൂൾ ചെയ്യുന്നു.

MR. K. P. NILAKANTA PILLAI: Sir, I seek permission of the Chair to make another motion. I move that the business next in order in the agenda be taken up for consideration. My reasons are these. From the nature of the discussion going on here, it is very doubtful whether we will finish the Travancore Holdings (Stay of Execution Proceedings) Bill today. But if the next bill is taken up for consideration which is surely a less controversial one, we will be able to reach the end of it and see through all the Readings of the Bill today itself. That can be passed into law. According to me, of the two bills, this is the most important one which will benefit the poor immediately and to a large measure. The other bill serve no useful purpose to the poor. The country expects that this House is going to do something for the benefit of the poor. Therefore, I move that the Bill next in order in the agenda be taken up for consideration presently.

LIBRARY ARCHIVES Kerala Legislative Assembly

MR. P. S. NATARAJA PILLAI: Sir, I second the motion heartily. It is deemed expedient to stay proceedings in the execution of certain civil court decrees. It was argued here by my friends of the Treasury Bench that this is a measure to meet an emergency. The emergency is to stay proceedings of certain civil decrees. Whether an emergency has arisen to suspend the execution of civil laws in the State, I am not at all in a position to understand since it was not explained by the official spokesman. But the Preamble is not to that effect. It states in clear terms that it is deemed expedient to stay proceedings of certain civil court decrees. I can quite understand the Government taking such a course if there was an emergency like war or financial or currency crisis or if the country was to submarge into the Arabian sea or in the event of a deluge overrunning the country. So long as there is nothing like that in this country, there is no need for this kind of bill being enacted as law in 24 hours' time. On the other hand, let us examine the Prevention of Eviction Bill and Judge on its merits. This is really a very delicate subject. This House has taken notice of eviction of tenants-at-will, having debated it, having given a kind of hope to the tenants-at-will in the country at large, and if this House does not decide on this question and pass as a measure in this sitting itself, it may bring about disastrous consequences to the tenants-at-will at large. The tenants-at-will may be largely affected. They will even become home-less. There is likely to be other consequence as well. But whenever we tackle the problem of land or try to adjust the economic system, we ought to do it with great care. Having debated the point, having entered into that field, if nothing is done in that line, there will be serious repercussions. Under these circumstances, it is better to take up the Travancore Prevention or Eviction Bill for immediate consideration and reserve the controversial Bill namely the one which seeks to stay Civil Court proceedings for a later period. By so doing nothing dangerous will occur in the country. After all, what we envisage in this Bill is stay of execution proceedings in civil courts for a particular time. The process of execution proceedings will not paralyse the economic activities of the people. On the other hand the stay will paralyse economic activities in the country. The eviction of tenants-at-will are really a more important question for the public at large. As such, having debated the problem and having generated a hope and a fear in certain sections of the people, it is better for the House to consider the next bill in the agenda forthwith.

HON'BLE MR. A. J. JOHN: ഞാൻ ഈ ഉപക്ഷേപത്തെ എതിർക്കുന്നു. ഈ നിയമസഭയിൽ കൊണ്ടുവരുന്ന എല്ലാ ബില്ലുകളും പ്രാധാന്യമുള്ളവയാണെന്നാണ് എനിക്കു തോന്നുന്നതു്. ഒന്നു മറ്റൊന്നിനെക്കാൾ പ്രാധാന്യമുള്ളവയാണെന്നു പറയാൻ നിവർത്തിയില്ല. ഇതു രണ്ടും ഈ സെഷനിൽതന്നെ പാസ്സാക്കണമെന്നാണ് ഗവണ്മെ

LIBRARY ARCHIVES Kerala Legislative Assembly

ൻറിന്റെ നിർബന്ധം. ഈ ബിൽ ഇന്നുകൊണ്ടു തീർന്നില്ലെങ്കിൽ രണ്ടുമൂന്നു ദിവസം അസംബ്ലി നിട്ടുന്നതിനും തയ്യാറാണ്. വാദപ്രതിവാദം ചെയ്യുന്നതിനുശേഷം ഈ സെക്ഷനിൽതന്നെ ഇതു തീർക്കണമെന്നു ഗവണ്മെൻറിനു അതിയായ ആഗ്രഹമുണ്ടു. ആ സ്ഥിതിക്കു ഉപക്ഷേപത്തിന്റെ ആവശ്യമില്ല. ഞാൻ ഇതിനെ എതിർക്കുന്നു.

MR. P. BALAKRISHNAN THAMPI : ഗവണ്മെൻറു മെംബറന്മാർക്കു് ആരെങ്കിലും വലിയ പാട്ടവസ്തുക്കൾ വല്ലതും ഉണ്ടോ ?

MR. PRESIDENT: That question is disallowed.

The motion of Mr. K, P. Nilakanta Pillai that the next Bill in order in the agenda of the day be taken into consideration was put and lost.

MR. P. S. NATARAJA PILLAI: Sir, I demand a poll.

A poll was taken when the House divided as follows:—

AYES—17.

1	Mr.	Albert Lopez	10	Mr. Mannathu Padmanabha Pillai
2	„	P. Balakrishnan Thampi	11	„ A. K. Patchu Pillai
3	„	P. Chacko	12	„ Sankaran Nadar
4	„	P. T. Chacko	13	„ Pandavathu Sankara Pillai
5	„	Mannar Gopalan Nair	14	„ Ponnara G. Sreedhar
6	„	Thariathu Kunjithomman	15	„ A. P. Udayabhanu
7	„	Kuttan	16	„ Varghese Augustine
8	„	P. S. Nataraja Pillai	17	„ P. M. Varghese
9	„	K. P. Nilakanta Pillai		

NOES—54.

1	Mr.	A. Abdul Razak	15	„ Gabriel Nadar
2	Miss	Accama Cheriyan	16	„ K. A. Gangadhara Menon
3	Mr.	P. C. Adichan	17	„ D. Gnanasigamoni
4	„	Krishnan Aiyappan	18	„ P. Gopalan
5	„	S. Ambrose	19	„ Kannara Gopala Panicker
6	„	R. Atchuthan	20	„ M. Govindan
7	„	G. Chandrasekhara Pillai	21	„ A. J. John
8	„	Chellaswami Nadar	22	„ K. S. Joseph
9	„	Cheriyan J. Kappan	23	„ C. Kesavan
10	„	A. Chidambara Natha Nadar	24	„ T. T. Kesavan Sastri
11	„	T. V. Devan	25	„ T. Kochukrishna Pillai
12	„	Eapen Arakkal	26	„ N. S. Kochukunju
13	„	K. R. Elankath	27	„ D. Krishnan Potti
14	„	Elias (Mary Antony)		

LIBRARY ARCHIVES Kerala Legislative Assembly

23	Mr.	P. K. Krishnan Sastri	43	,,	P. K. Raman
29	,,	N. Kunjuraman	44	,,	R. K. Ram
30	,,	E. K. Madhavan	45	,,	Raphael J. Rodriguez
31	,,	V. O. Markos	46	,,	Sadasivan
32	,,	K. A Mathew	47	,,	K. Sivarama Pillai
33	,,	Mohammed Mustafa	48	,,	S Sivaraman Asari
34	,,	P. S. Muhammed	49	,,	P. Thanulingam Nadar
35	,,	T. K. Narayana Pillai	50	,,	P. V. Urumese Tharakan
36	,,	A. Nesamony	51	,,	N. P. Varghese
37	,,	M. Pappu	52	,,	M. Varkey
38	,,	Paul Thaliat	53	,,	U. K. Vasudevan Asari
39	,,	Paulose (Pylee)	54	,,	T. M. Varghese
40	,,	D. Ponniah			
41	,,	K. Ramachandran			
42	,,	K. Ramakrishna Pillai			

NEURAL—16.

1	Mr	T. A. Abdulla	9	Mr.	V. Madhavan
2	,,	V. A. Abdul Aziz	10	,,	M. C. Mathew
3	,,	Abdul Majeed	11	,,	P. Nanoo
4	,,	K. M. Chandy	12	,,	G. P. Nilakanta Pillai
5	,,	N. Daniel Jose	13	,,	K. Ramakrishnan Achari
6	Mrs.	Devaki Gopidas		,,	
7	Mr.	P. C. George	14	,,	K. Sarangadharan
8	,,	Mankzhi M. Madhavan	15	,,	V. K. Varghese
			16	,,	Maideen Kunju

HON'BLE MR. A. J. JOHN: Sir, I beg to present the report of the Select Committee on the Travancore Verumpattom Holders (Stay of Eviction Proceedings) Bill and move that the Bill as reported by the Select Committee be taken into consideration.

HON'BLE MR. N KUNJURAMAN: I second it.

HON'BLE MR. A. J. JOHN: ഈ ബില്ലിൽ സെലക്ട് കമ്മറ്റി ചില വ്യത്യാസങ്ങൾ വരുത്തിട്ടുണ്ട്. അതു് ഈ ബില്ലിന്റെ ആദ്യവായനയിൽ വന്നപ്പോൾ ബഹുമാനപ്പെട്ട മെംബറന്മാർ അഭിപ്രായപ്പെട്ടതിനു അനുസരണമായിട്ടുള്ള വ്യത്യാസങ്ങളാണ് അതിൽ വരുത്തിയിട്ടുള്ളതു്. ഒന്നു, പണയം ഇവക്കുടി അതിൽ ചേർക്കണമെന്നു് അഭിപ്രായപ്പെട്ടതിനാൽ അതനുസരിച്ചു അതും ചേർത്തിട്ടുണ്ട് പ്രീ യാമ്പിൾ തന്നെ Whereas it is deemed expedient to stay proceedings in execution of certain decrees in civil courts relating to the delivery of possession of immovable property; എന്നു വ്യത്യാസപ്പെടുത്തിയിട്ടുണ്ട്. ഫോർഡിംഗ് എന്നുള്ളതിനു നിർവ്വചനവും വ്യത്യാസപ്പെടുത്തിയിട്ടുണ്ട്. അതായതു,

LIBRARY ARCHIVES Kerala Legislative Assembly

Interpretation. "holding" means immovable property held under a single transaction by which a right or interest therein is created and possession is transferred by one person in favour of another and includes, property held on *pattom otti, panayam* with possession, and *kanam* not governed by the provisions of the Travancore Jenmi and Kudiyan Act (V of 1071) but does not include *varam* or *pathivaram*.,

എന്ന ആയിരിക്കും. അതിൽ ഈ ബില്ലിന്റെ ഉദ്ദേശം ശരിപ്പെടുത്തുന്നതിനും, അടിയിൽ വിവരിച്ചതുപോലെ ഭേദഗതി ചെയ്തിട്ടുണ്ട്. അതായത് ഹോൾഡിംഗ് എന്നുള്ളത് പാട്ടം, പണയം. ജന്മം ഇവ കൂടി ഉൾപ്പെടുത്തിയിരിക്കയാണ്.

സെക്ഷൻ രണ്ടിൽ ട്രസ്റ്റി എന്നുള്ള വാക്ക് എടുത്തു കളഞ്ഞിരിക്കുകയാണ്. ര-മത്തെ ക്ലാസ്സിൽ ആദ്യത്തെ ബില്ലിൽ ഉണ്ടായിരുന്നതു്.

Stay of execution proceedings. Notwithstanding any law to the contrary, proceeding in execution of a decree in a suit for the recovery of possession of a holding shall, so far as they relate to the delivery of possession of holding, be stayed for a period of six months from the date of commencement of this Act:

അതായതു് വസ്തുവിനെ കൈവശം വക്കുന്നതിനുള്ള വിവരം സംബന്ധിച്ച ആ ഡിക്രിപ്രകാരമുള്ള നടപടികളെ ൬ മാസത്തേക്കു നിറുത്തിവക്കുമെന്നാണ് ഭേദഗതി ചെയ്തിരിക്കുന്നതു്. പിന്നിട് ഒരു പുതിയ ക്ലാസ്സുകൂടി ചേത്തിരിക്കുന്നു. അതു് ഇങ്ങനെ ൬ മാസക്കാലം നിറുത്തിവച്ചിരിക്കുന്നതു് കാലഹരണ നിയമത്തിൽനിന്നും ഈ ൬ മാസത്തെ ഒഴിവാക്കുന്നതിനാണ്. അതായതു് കാലഹരണത്തിൽ ഈ ൬ മാസക്കാലം ഉൾപ്പെടുകയില്ല. ഇത്രമാത്രമെ സെലക്ട് കമ്മിറ്റി വരുത്തിയിട്ടുള്ളൂ. അതുകൊണ്ടു ഈ ബിൽ സഭയുടെ പരിഗണനക്ക് സമർപ്പിക്കുന്നു.

MR. P. BALAKRISHNAN THAMPI : കലാഹരണം സംബന്ധിച്ച വകുപ്പ് ആവശ്യമുണ്ടോ ?

HON'BLE MR. A. J. JOHN : അതു് സെക്ഷൻ കൂടെ ഒക്കെ ക്ലിയർ ചെയ്യുന്നതിനുവേണ്ടിയാണ്. അതുകൊണ്ടു നഷ്ടം ഒന്നും വരാനില്ല.

MR. P. BALAKRISHNAN THAMPI : അതുകൊണ്ടു കടലാസിനു കൂടെ നഷ്ടമുണ്ടല്ലോ ?

HON'BLE MR. A. J. JOHN : കടലാസിന്റെ നഷ്ടം വലിയ നഷ്ടമല്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. K. P. NILAKANTA PILLAI: Sir, I move that the Bill be re-committed to a separate Select Committee. In this connection I may be permitted to read certain fully relevant portions from May's Parliamentary Practice. When a Bill is referred to a Select Committee, the Bill, the order of reference and the enquiries connected thereto as well as other subjiect matter relevant thereto should all be in possession of the Select Committee for their consideration.

MR. K A. GANGADHARA MENON: On a point of order. After the Chair has ruled such points, is it open to the Hon'ble Member again to re-open them in the manner in which it is sought now?

MR. K. P. NILAKANTA PILLAI: I am not referring to the Ruling of the Chair. I agree that the Attorney General had a fund of knowledge when he gets up and says things like this. Sir, I am only raising issues relevant to my motion.

MR. K. A. GANGADHARA MENON: Sir, on a point of order whether the decision of the Chair could be reopened.

MR. K. P. NIALAKANTA PILLAI: Sir, I submit that my Hon'ble friend is not justified in interrupting me at this stage.

MR. K. A. GANGADHARA MENON: May I know whether the member is in order in criticising this bill on the ground that the Select Committee has exceeded its powers especially when the Chair has ruled that the committee's amendments and the publication thereof are in form?

MR. K P. NILAKANTA PILLAI: The point is, I am only advancing arguments why this bill should be recommitted to a separate select committee. I am not referring to the President's ruling at all nor to the proceedings connected with it. I have a right to refer to May's Parliamentary Practice the portions of which may be familiar to the Attorney General. So, Sir, I will proceed. My point then is, if the select committee is to go beyond its powers there must be special instructions for the committee to proceed in that manner. According to May's Parliamentary Practice special instruction of that kind must be given by a motion immediately after the motion appointing the select committee. That ought to be an independent motion. A Select Committee is regarded as a miniature House in a small scale, limited in its enquiry by the extent of the authority given to it. These are very clear provisions which any man even if he is not a lawyer but who knows English can understand. That is the provision.

സർ, ഈ ബിൽ പാസാക്കേണ്ടതു് വളരെ നിർബ്ബന്ധമായ ഒരു സംഗതിയാണെന്നു് ഗവണ്മെൻറു ഭാഗത്തുനിന്നും പറഞ്ഞു. വളരെ നിർബ്ബന്ധബുദ്ധിയോടുകൂടി ഒരു നിയമം പാസ്സാക്കിയതായി ഞാൻ കേട്ടിട്ടില്ല. നിർബന്ധം ഉണ്ടായിരുന്നാൽതന്നെയും ഈ അസംബ്ലിയിലെ അംഗങ്ങൾ ആ നിർബന്ധം പ്രകടിപ്പിക്കുന്നതിനു് തക്കതായ കാരണം

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടോ എന്ന് ആലോചിച്ചിട്ട വേണം ഈ ബില്ലിന്റെ സെലക്ട് കമ്മിറ്റി റിപ്പോർട്ട പരിഗണനയ്ക്ക് എടുക്കുവാൻ. താഴെ പറയുന്ന കാരണങ്ങളാൽ ഈ ബിൽ ഇപ്പോൾ പരിഗണനയ്ക്ക് എടുക്കാൻ പാടില്ലെന്നും ഇത് വേറൊരു സെലക്ട് കമ്മിറ്റിക്ക് അയക്കണമെന്നുമുള്ള ഒരു ഉപക്ഷേപമാണ് ഞാൻ നിങ്ങളുടെ മുമ്പാകെ അവതരിപ്പിക്കുന്നത്. അതിനുള്ള കാരണങ്ങൾ എന്താണെന്ന പറയാം. ഈ ബില്ലിന്റെ ടൈറ്റിൽ തന്നെ നോക്കാം. ഒരു സെൻറ് സ്ഥലംപോലും വസ്തുപോലും കൈവശമില്ലാതെ അഗതിയായിരിക്കുന്ന ആൾക്ക്, അന്യന്റെ വസ്തു കൈവശംവച്ച് കൃഷിചെയ്തുകൊണ്ടിരിക്കുമ്പോൾ എന്തെങ്കിലും ഒരു അവകാശം കൊടുക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഈ വെരുംപാട്ട ബിൽ സഭയിൽ അവതരിപ്പിച്ചിട്ടുള്ളത്. കൊച്ചിയിലായാലും മലബാറിലായാലും ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളത് ഈ ഉദ്ദേശത്തോടുകൂടിയാണ്.

MR. K. S. JOSEPH : ഇല്ലാത്ത അവകാശം ഉണ്ടാക്കിക്കൊടുക്കണമോ ?

MR. K. P. NILAKANTA PILLAI : അതേ! എന്ന തന്നെയാണ് പറഞ്ഞത്. വെരുംപാട്ട ബിൽ എന്നുവച്ചാൽ യാതൊരു വസ്തുവും ഒന്നും ഇല്ലാതെ അന്യന്റെ വസ്തു കൈവശംവച്ച് ജീവിക്കുന്നവർക്ക് ആ വസ്തുവിൽ ഒരവകാശം കൊടുക്കണമെന്നുള്ള തത്വം അടിസ്ഥാനമാക്കിയുള്ളതാണ്. എന്നാൽ ഈ ബിൽ ഇവിടെ കൊണ്ടുവന്നിരിക്കുന്നത് ധനവാന്മാരെ രക്ഷിക്കുവാനും സഹായിക്കുവാനും മാത്രമായിട്ടാണ്. ഇപ്പോൾ നമ്മുടെ മുമ്പിൽ അവതരിപ്പിച്ചിരിക്കുന്നത് വെരുംപാട്ടബില്ലല്ല, ഹോൾഡിംഗ്സ് ബിൽ ആണ്. അങ്ങനെ അതിന്റെ പേരുതന്നെ മാറ്റിക്കളഞ്ഞു. ഇതു വായിച്ചുനോക്കിയാൽ മുമ്പ് ഇവിടെ അവതരിപ്പിച്ച ബിൽ അല്ലെന്നും ഒരു പുതിയ ബില്ലാണെന്നും മനസ്സിലാക്കാം. പണയം, ഒറ്റി, മോർട്ടഗേജ് മുതലായ സകല വസ്തുക്കളേയും ഇതിന്റെ പരിധിയിൽ ഉൾപ്പെടുത്തിയാണ് ഇപ്പോൾ ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. ഞാൻ ആ പായിൻറ് ഉന്നിപറയുന്നതിന്റെ കാരണം യാതൊരു സ്വത്തും ഇല്ലാത്ത ഒരാളെ വസ്തു കൈവശക്കാരനാക്കി താമസിപ്പിക്കുവാനുള്ള ബില്ലാണെന്ന പറഞ്ഞശേഷം അവന്റെ കാര്യം ഒക്കെക്കഴിഞ്ഞിട്ട് നേരേമറിച്ച് ഒറ്റിയും, പണയാധാരവും, മോർട്ടഗേജും വാങ്ങിയിട്ടുള്ള പണക്കാരെ സഹായിക്കുവാൻ വേണ്ടി കൊണ്ടുവന്നിരിക്കുന്ന എന്നുള്ളതാണ്. വസ്തു ഒറ്റിവാങ്ങിക്കുന്നവൻ പണക്കാരനോ പണമില്ലാത്തവനോ എന്ന് എന്റെ മാന്യസ്നേഹിത

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. P. Nilakanta Pillai.]

ന്മാർ ഒന്നാലോചിക്കണം. പണംകൊടുത്തു് അന്യന്റെ വസ്തു വാങ്ങച്ചിരിക്കുന്ന പന്നക്കാരനെ സഹായിക്കാനാണോ ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നതു് എന്നു ബഹുമാനപ്പെട്ട മെംബറന്മാർ ഒന്നു ചിന്തിച്ചു നോക്കണം. ഇതു പറഞ്ഞാൽ കെ. പി. നീലകണ്ഠപ്പിള്ള ബില്ലിനെ എതിർത്തു എന്നു പറഞ്ഞു് പ്രക്ഷോഭണം ക്രട്ടും. ഞാൻ ഇതിനെ എതിക്കുകയല്ല, ധനവാന്മാരെ സഹായിക്കാൻവേണ്ടി മാത്രമാണു് ഈ ബിൽ ഈ വിധത്തിൽ കൊണ്ടുവന്നിരിക്കുന്നതു. ബ്ലാക്ക് മാക്കെറിലും മറ്റും ധാരാളം പണം ഉണ്ടാക്കിയിട്ടുള്ളവരെ രക്ഷിക്കാനാണു് ഈ ബിൽ ഇപ്പോഴും കണ്ടകോളിൽ കിടക്കുന്നതു. കണ്ടമാനം സമ്പാദിച്ച പണത്തിന്റെ സെക്യൂരിറ്റി വാങ്ങിച്ചിട്ടുള്ളവരെ രക്ഷിക്കുവാനാണോ അതോ നിരാധാരരായിട്ടുള്ളവരെ രക്ഷിക്കുവാനാണോ ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നതെന്നു് ഇതിന്റെ ചാർജ്ജു വഹിച്ചിരിക്കുന്ന ഈ മന്ത്രിയോടു ഞാൻ ചോദിക്കുന്നു.

രണ്ടാമതായി, ഈ ബിൽ സെലക്ട് കമ്മിറ്റിയിൽപോയി. അതിനെക്കുറിച്ചു് ഈ സഭയിൽ വാദപ്രതിവാദം ഉണ്ടായി. ഒരു സെലക്ട് കമ്മിറ്റിയുടെ അധികാരത്തെപ്പറ്റി നാം ശരിയായി മനസ്സിലാക്കണം. എന്റെ മോഷനെന്താണെന്നും നിങ്ങടെ മനസ്സിലാക്കണം. ഇതു രണ്ടും ശരിയായിട്ടു മനസ്സിലാക്കിയിട്ടുവേണം ഈ ബിൽ പാസ്സാക്കുവാൻ എന്നു മാത്രമേ ഞാൻ അപേക്ഷിക്കുന്നുള്ളു. ഒരു സെലക്ട കമ്മിറ്റിക്കു് ബിൽ അയച്ചാൽ അതിൽ എത്രമാത്രം അധികാരം ഉണ്ടെന്നു ഈ ബില്ലിന്റെ ചാർജ്ജു വഹിക്കുന്ന മിനിസ്റ്റർ മനസ്സിലാക്കിയിട്ടില്ലെന്നു് വ്യസനസമേതം പറയേണ്ടിയിരിക്കുന്നു.

സെലക്ട കമ്മിറ്റിക്കു് ഒരു ബിൽ റിപ്പോർട്ടചെയ്യാൻ അയച്ചാൽ ആ കമ്മിറ്റിക്കു് നാം കൊടുക്കുന്ന നിർദ്ദേശങ്ങളനുസരിച്ചു പ്രവർത്തിക്കാനേ അധികാരവും അവകാശവും ഉള്ളു. ആ ബില്ലിന്റെ പരിധിയിൽകവിഞ്ഞു പ്രവർത്തിക്കുവാനുള്ള യാതൊരു അവകാശവും ആ കമ്മിറ്റിക്കു് നാം കൊടുത്തിട്ടില്ല. അങ്ങനെ വരുന്ന അവസരത്തിൽ ആ ബില്ലിൽ പറഞ്ഞിരിക്കുന്ന നിർദ്ദേശം അനുസരിച്ചുള്ള ഒരു റിപ്പോർട്ടു തയാറാക്കാനല്ലാതെ മറ്റു യാതൊരു അവകാശവും ഇല്ല. അതിൽ കവിഞ്ഞു് ഒരധികാരം കൊടുക്കണമെങ്കിൽ അതിന്റെ ചാർജ്ജു വഹിക്കുന്ന മിനിസ്റ്റർ പ്രത്യേകമായി ഒരു മോഷൻ ഉടൻ അവതരിപ്പിക്കണം. ആ മോഷൻ പ്രത്യേകം അവതരിപ്പിച്ചാൽ പോരാ മുൻകൂട്ടി നോട്ടിസും കൊടുത്തിരിക്കണം. എങ്കിൽ മാത്രമേ ഈ ബില്ലിന്റെ പരിധിയിൽ കവിഞ്ഞ റെഫറൻസു് പാടുള്ളു എന്ന തത്വം ഈ സഭയിലെ മാന്യ മെംബറന്മാർ ഇനിയെങ്കിലും മനസ്സിലാക്കണം.

LIBRARY ARCHIVES Kerala Legislative Assembly

MR. T. A. ABDULLA : Have the committee exceeded its limitation?

MR. K. P. NILAKANTA PILLAI : ഉണ്ട്.

It is as significant as it is. It is in no way less significant.

എതായാലും ഞാൻ പറഞ്ഞതു മനസ്സിലായല്ലോ. ഈ സെലക്ട് കമ്മിറ്റിയെ സംബന്ധിച്ചു മോഷൻ ഇവിടെ വന്നപ്പോൾ അനേകം പേർ ഇതിനെ സംബന്ധിച്ചു പ്രസംഗിച്ചു എന്നു പറഞ്ഞു. എന്റെ പ്രസംഗത്തിൽ ഈ ബില്ലിൽ ഒരു മത്തങ്ങാക്കൂടി ചേർക്കണം എന്നു പറഞ്ഞാൽ ബഹുമാനപ്പെട്ട ലാമിനിസ്റ്റർ അതു കൂടി ചേർക്കുവാൻ തയാറാകുമോ എന്നു ഞാൻ ചോദിക്കുന്നു. ഇവിടെ പ്രസംഗിക്കുന്നതു വെറും അഭിപ്രായമാണെന്നു മനസ്സിലാക്കണം. അല്ലാതെ സെലക്ട് കമ്മിറ്റിയിൽ അതെല്ലാം കൊണ്ടുവരുവാൻ അവകാശം ഉണ്ടെന്നുള്ള തെറ്റിദ്ധാരണ ബഹുമാനപ്പെട്ട ലാ മന്ത്രിയിൽ നിലവിൽ ഇരിക്കുന്നതു വളരെ ശോചനീയമായ ഒരവസ്ഥയാണ്.

MR. P. BALAKRISHNAN TAMPI : മനഃപൂർവ്വം അങ്ങിനെ പറഞ്ഞതല്ലെന്നും അറിവില്ലായ്മകൊണ്ടു് അങ്ങനെ പറഞ്ഞുപോയതാണെന്നും അറിയാമോ ?

MR. K. P. NILAKANTA PILLAI : ഞാൻ ആ പായിന്റ് വളരെ വിശദമാക്കിക്കഴിഞ്ഞു. ഒരു പ്രത്യേക ഉപക്ഷേപം കൊണ്ടുവന്നു് ഈ ബില്ലിൽ പ്രത്യേകമായി ഇന്നയിന്ന സംഗതികൾകൂടി ഉൾപ്പെടുത്തണമെന്നു് ഈ അസംബ്ലിയോടു് ആവശ്യപ്പെടണം. അല്ലാതെ സെലക്ട് കമ്മിറ്റിക്കു് ഏതെങ്കിലും സംഗതിയെക്കുറിച്ചു് റെഫർ ചെയ്യാൻ അധികാരം ഇല്ല. മെയിസു് പാർലമെന്ററി പ്രാക്റ്റീസിൽ ഇതു വളരെ വിശദമായി പ്രസ്താവിച്ചിട്ടുണ്ടു്. മെയിസു് പാർലമെന്ററി പ്രാക്റ്റീസു് അനുസരിച്ചാണെങ്കിൽ സെലക്ട് കമ്മിറ്റി റിപ്പോർട്ടു തയാറാക്കേണ്ടതു് ഞാൻ പറഞ്ഞ വിധത്തിലാണു്. അല്ലാതെ കുറെ ആളുകൾ പറയുന്നതു കേട്ടു് സെലക്ട കമ്മിറ്റിറിപ്പോർട്ടിൽ, അതും ഇതും ചേർക്കുന്നതു് ശരിയല്ല. ഈ സഭയിലെ അംഗങ്ങൾ പറയുന്നതിനെക്കാൾ കൂടുതലോ കുറവോ ആയ ഒരു വിലയും മിനിസ്റ്റർ പറയുന്നതിനു് ഇല്ലെന്നു് ഇനിയെങ്കിലും നിയമവകുപ്പുമന്ത്രി മനസ്സിലാക്കേണ്ടതാണു്. ആ മന്ത്രി പറയുന്നതിനും നാം പറയുന്നതിനെക്കാൾ കൂടുതലോ കുറവോ ആയ വിലയില്ലെന്നുള്ളതും ശരിയാണു്. സെലക്ട് കമ്മിറ്റി റിപ്പോർട്ടിൽ ഒരു സ്റ്റെപ്പുകൂടി അങ്ങോട്ടു പോകാമെന്നല്ലാതെ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. P. Nilakanta Pillai]

പാർലമെൻററി പ്രാക്ടീസ് അനുസരിച്ച് നാം റെഫറൻസിനു കൊടുക്കുന്ന ബില്ലിൻെറ പരിധിക്കു വെളിയിൽ ആയിരുന്നാൽ ആ റിപ്പോർട്ടിനെ ഇഗ്നോർ ചെയ്യാൻ ഈ സഭയ്ക്ക് മെയിസ് പാർലമെൻററി പ്രാക്ററീസ് അനുസരിച്ച് അവകാശം ഉണ്ടെന്നു മനസ്സിലാക്കണം.

രണ്ടാമതു് എൻെറ മോഷൻ൹ൽ പറയുന്നതു് പുതിയ ഒരു സെലക്ട് കമ്മിററിക്കു് ഈ ബിൽ അയക്കണമെന്നാണു്. ഈ സെലക്ട് കമ്മിററിയെക്കുറിച്ച് ലാ മന്ത്രി ഇവിടെ പറഞ്ഞ കാരണങ്ങൾ എല്ലാം എൻെറ വാദത്തെ അനുകൂലിക്കുന്നവയാണു്. ഇവിടെ പല മെംബറന്മാരും പല അഭിപ്രായങ്ങളും പറഞ്ഞുവെന്നും, അവയെ എല്ലാം കുറിച്ച് പര്യാലോചിക്കുവാൻ ഞാൻ സെലക്ട് കമ്മിററിയോടാവശ്യപ്പെട്ടുവെന്നും സെലക്ട് കമ്മിററിയുടെ ഫോർമേഷനെയൊ ഉദ്ദേശ്യശുദ്ധിയേയൊ ആരും തെററിദ്ധരിക്കരുതെന്നും അപേക്ഷിച്ചുകൊണ്ടാണു് ബഹുമാനപ്പെട്ട മന്ത്രി റിപ്പോർട്ടവതരിപ്പിച്ചതു്. ഈ മാതിരി കോൺടവേഴ്സിലായ ഒരു സബ്ജക്ററു് ഡിസ്ക്കസ് ചെയ്യുന്ന സെലക്ട് കമ്മിററി എങ്ങനെയെങ്കിലും ഇഷ്ടംപോലെ ഒരു റിപ്പോർട്ട് തയാറാക്കുന്നതു് ഏതെങ്കിലും ഒരു പ്രാഥമിക തത്വമെങ്കിലും അംഗീകരിച്ചിട്ടാണോ എന്നു ഞാൻ ചോദിക്കുന്നു. ഇതുപോലെ വാദപ്രതിവാദമുള്ള ഒരു വിഷയം അസംബ്ലിയിൽ വരുമ്പോൾ അതിനു് അനുകൂലമായും പ്രതികൂലമായും അഭിപ്രായം ഉള്ളവരെ ചേർത്താണു് സെലക്ട് കമ്മിററിയെ നിയമിക്കാറുള്ളതു്. ഒരു സംഗതിയെ അനുകൂലിക്കുകയും പ്രതികൂലിക്കുകയും ചെയ്യുന്നവരെ ചേർത്തു് സെലക്ട കമ്മിറ്റിയെ നിയമിക്കയെന്നുള്ളതാണു് പാർലമെൻററി പ്രാക്ററീസ്. ഇവിടെ അങ്ങിനെയൊന്നില്ലാതെ വെറും മാർക്കറു പ്ലേസ് പോപ്പുലാരിറ്റിക്കുവേണ്ടി കുറെ അണ്ണന്മാരെ ചേർത്തു് ഉണ്ടാക്കിയിട്ടുള്ളതാണു് ഈ സെലക്ട് കമ്മിററി.

MR. ABDUL AZIZ: Is the member in order casting aspersions on members of this House who were functioning in the Select Committee?

MR. K. P. NEELAKANTA PILLAI What I said was that when select committees are appointed it should be of a representative character. With due apologies I said only so much.

MR. ABDUL AZIZ: പഴയ മന്ത്രിമാരുടെ അണ്ണന്മാരെ ചേർത്തായിരുന്നെങ്കിലോ?

MR. PRESIDENT: കുറെ 'അണ്ണന്മാരെ ചേർത്തുണ്ടാക്കിയ' എന്നതു് പിൻവലിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

MR. K. P. NEELAKANTA PILLAI : അണ്ണാമാരെന്നു പറഞ്ഞതോ? അതു് ഞാൻ പിൻവലിച്ചിരിക്കുന്നു.

അതുകൊണ്ടു് ഈ സെലക്ട് കമ്മിറ്റി അതിന്റെ ജുറിസ്ഡിക്ഷൻവിട്ടു് പ്രവർത്തിച്ചു എന്നും അതിനാൽ ഈ ബിൽ വേറൊരു സെലക്ട് കമ്മിറ്റിക്കു അയക്കണമെന്നും ആണു് എനിക്കു് ഈ സഭയെ അറിയിക്കുവാനുള്ളതു്. കഴിയുന്നത്ര അനുകൂലമായും പ്രതികൂലമായും അഭിപ്രായം ഉള്ള മെംബറന്മാരെ ചേർത്തു് രണ്ടുവശങ്ങളും ശരിയായി ചിന്തിക്കത്തക്കവണ്ണമുള്ള ഒരു സെലക്ട് കമ്മിറ്റിയെ നിയമിക്കണം എന്നാണെന്റെ അഭിപ്രായം. ഇതു് സംബന്ധിച്ചു് എനിക്കു് മറ്റു് യാതൊരു ദുരുദ്ദേശങ്ങളും ഇല്ല.

MR. ABDUL AZIZ : Will the Honourable Member please answer my question ?

MR. K. P NILAKANTA PILLAI : Let me first conclude my speech and then the Honourable members may put questions.

MR. K. P. NEELAKANTA PILLAI : അടുത്തതായി എനിക്കു പറയാനുള്ളതു്, ഇത്രവളരെ അർജന്റായി റിപ്പോർട്ടു് വരുത്തിയാൽ ഇതിന്റെ മെറിറ്റു് എന്താണെന്നും ഇതു് എങ്ങനെ നമ്മെ അഫക്റ്റു ചെയ്യുമെന്നും ആലോചിക്കാൻ സാധ്യമല്ല എന്നുള്ളതാണു്. ഞാൻ ചോദിക്കുന്നതു, ഇതു ഒരു പ്രത്യേക സെലക്ട്കമ്മിറ്റിക്കു അയച്ചു റിപ്പോർട്ടുവരുത്തിയാൽ എന്തു തരക്കേടാണുണ്ടാകാൻപോകുന്നതു എന്നാണു്. അങ്ങനെചെയ്താൽ കുറെക്കൂടി താമസം ഉണ്ടാകും എന്നു പറയുന്നു. ആ താമസം ഈ ബില്ലിനെ ഏതുവിധത്തിൽ ബാധിക്കുമെന്നാണു ആലോചിക്കുവാനുള്ളതു്. ഇതു് കുംഭം ഫസ്റ്റാം തീയതി ആണു്.

MR. D. GNANASIGAMONY : Are there any provisions in our Rules or Standing Orders limiting the power of the select Committee?

MR. K. P. NEELAKATA PILLAI : You are bringing the question after hearing me all this while. Having got beyond the posint, Sir, I am being drawn to that again. I have already explained that to the best of my ability. (Laughter)

MR. K. P. NEELAKANTA PILLAI : ഇനി ഒരു മാസംകൂടി കഴിഞ്ഞാൽ കോടതി അടയ്ക്കും. ആറു മാസത്തേക്കു ഇതു സംബന്ധിച്ചുള്ള സിവിൽകോർട്ടനടപടികളും നിറുത്തിവയ്ക്കണമെന്നാണു ബില്ലിന്റെ ഉദ്ദേശം. മാസംപൂരുന്നു കോടതി അടയ്ക്കുന്നു. അതുകഴിഞ്ഞാൽ ഇടവമാസത്തിലെ പിന്നെ കോടതി തുറക്കുകയുള്ളൂ. കോടതി തുറന്നു രണ്ടു മാസക്കാലത്തേക്കു കായ്മായി ഒരു നടപടികളും നടത്തുവാൻ ഇടയില്ലെന്നു കോടതിസംബന്ധിച്ചു അല്പമെങ്കിലും പരിചയമുള്ള എല്ലാ

LIBRARY ARCHIVES Kerala Legislative Assembly

വക്കും അറിയാവുന്ന ഒരു കാര്യമാണു. അങ്ങനെ അഞ്ചുമാസം കഴിഞ്ഞു. പിന്നെ ഒരു മാസത്തേക്കാണു് ഈ ബില്ലുകൊണ്ടുള്ള ഉദ്ദേശം സാധിക്കാൻ പോകുന്നതു്. അതിനകം ഈ ബില്ലു മറെറാരു സെലക്ട് കമ്മിറ്റിക്കയച്ചു റിപ്പോർട്ടുവരുത്തുന്നതുകൊണ്ടു യാതൊരു തടസ്സവും വരുന്നതല്ല.

MR. P.S. MOHAMMED: അതു നിലയ്ക്കു് ഈ ബില്ലു പാസ്സാക്കുന്നതുകൊണ്ടു യാതൊരു ദോഷവും വരുവാനില്ലല്ലൊ?

MR. K. P NEELAKANTA PILLAI: ഞാൻ പറഞ്ഞതു എന്താണെന്നു ബഹുമാനപ്പെട്ട മെമ്പറിനു മനസ്സിലായില്ലെന്നതോന്നുന്നു.

ഈ ബില്ലു രണ്ടാമതു സെലക്ടുകമ്മറ്റിക്കു അയയ്ക്കുന്നതുകൊണ്ടു് യാതൊരു ദോഷവും വരാനില്ലെന്നാണു് ഞാൻ പറഞ്ഞതു്. ഈ ബില്ലിനെപ്പററി അക്ടോബർ ൧൫-ാംനു-യിലെ ഗസററിൽ നോട്ടിഫിക്കേഷൻ കൊടുത്തിട്ടുണ്ടെന്നു പറഞ്ഞു. ഈ തിരുവനന്തപുരം പട്ടണത്തിന്റെ വ്യാപ്തിയിൽ താമസിക്കുന്ന എനിക്കുപോലും ആ ഗസററു കിട്ടിയതു അക്ടോബർ ൨൦-ാം നു-യാണു്. അതു നിലയ്ക്കു് ഈ ബിൽ എന്താണെന്നും അതു എങ്ങനെ ആരെയെല്ലാം ബാധിക്കുമെന്നുമുള്ള ബോധം ഇപ്പോഴത്തെ സാമാന്യജനങ്ങൾക്കു് ഇതിനകം ലഭിച്ചിരിക്കാനിടയില്ല. ഗസററുനോട്ടിഫിക്കേഷൻ തിരുവിതാംകൂറിലെ ജനങ്ങൾ അതുതന്നെ ഈ ചുരുങ്ങിയ സമയത്തിനുള്ളിൽ വായിച്ചിരിക്കാൻ ഇടയില്ലെന്നാണു് ഞാൻ പറഞ്ഞതു്.

സർ, പരമാർത്ഥം അതാണു്. എന്റെ കണക്കനുസരിച്ചു് ഈ രാജ്യത്തെ ൧൦ ശതമാനം ആളുകൾക്കു് അല്പസ്വല്പം ഭൂമിയുണ്ടു്. ബാക്കി തൊണ്ണൂറുശതമാനം ആളുകളെ സ്പർശിക്കുന്ന ഒരു ബില്ലാണു നാമിപ്പോൾ ഉണ്ടാക്കുന്നതു എന്നുകൂടി മനസ്സിലാക്കണം. ഈ ബില്ലു നടപ്പിൽവന്നാൽ ഈ രാജ്യത്തുണ്ടാകാവുന്ന പ്രത്യാഘാതം എന്തായിരിക്കുമെന്നുള്ളതു പ്രത്യേകം പരിചിന്തിക്കേണ്ടതാണു്. ഈ രാജ്യത്തെ സകല ക്രെഡിറുകളും നശിപ്പിക്കുന്ന ഒരു പ്രസ്ഥാനമാണിതെന്നുള്ളതിനു യാതൊരു സംശയവുമില്ല. ഇതു എവിടെ ചെന്നവസാനിക്കുമെന്നു നമുക്കു നോക്കാം. ഏതായാലും ഈ രാജ്യത്തെ എല്ലാ ജനവിഭാഗങ്ങളേയും സാരമായി ബാധിക്കുന്ന ഇങ്ങനെയുള്ള ഒരു ബില്ലിനെപ്പററി വേണ്ടവിധം ചിന്തിക്കുവാൻ അവസരം കൊടുക്കേണ്ടതു ഒരു നീതിമാത്രമാണെന്നാണു എന്റെ അഭിപ്രായം. ഇവിടെ ഇരിക്കുന്ന നമ്മളെല്ലാവരും കേമന്മാരാണെന്നു വിചാരിക്കരുതു്. നമ്മെക്കാൾ കേമന്മാർ കഴുമ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളിൽ കിടപ്പുണ്ട്. ഭൂമിയുള്ളവന്റെയും ഇല്ലാത്തവന്റെയും താല്പര്യത്തെ ഈ ബിൽ സാരതരമായി ബാധിക്കുന്നതുകൊണ്ട് അവരുടേയും കൂടി അഭിപ്രായങ്ങൾ അറിയുവാൻ നാം അവസരംകൊടുക്കണം. അതുകൊണ്ടു ബില്ലിന്റെ തുടർന്നുള്ള സകലവിധമായ നടപടികളും നിറുത്തിവച്ചു കൂടുതൽ പര്യാലോചനയ്ക്കായി ഈ ബിൽ മറെറാരു സെലക്ട് കമ്മിറിയെ ഏല്പിക്കേണ്ടതാണെന്നു ഞാൻ ശക്തിയായി ഉദ്ബോധിപ്പിച്ചുകൊള്ളുന്നു.

MR. P. BALAKRISHNAN TAMPI: I second the motion for recommittal of the bill to the Select Committee. I do not for a moment question the wisdom or otherwise of the bill because of the rulings given by the Chair. I appreciate.....

MR. PRESIDENT: You have no right.

MR. P. BALAKRISHNAN TAMPI: No. If I want to be in the House, I should bow to the rulings of the Chair Otherwise, I should move formally for the revision of the report which I intend to do now. That does not mean that I cannot intellectually question the wisdom of the rulings, but I am bound by the rulings.

MR. PRESIDENT: Will Mr. Tampi confine his remarks to the amendment?

MR. P. BALAKRISHNAN TAMPI: I very much appreciate the facist tone in which the Hon'ble Minister said this morning that the bill should be passed today. This Government insists that the bill should be passed before the clock strikes 4-30. In spite of the threat of Mr. John, a gentleman of liberal education and who realises his responsibilities in a Legislature and stands up for the forms and integrity of the procedure of this House, Sir, no man who has a smattering of legal knowledge can deny the fact that this bill as brought forward now is different from the bill that went to the Select Committee as a Pathan is from a Punjabi. So different are the two things, yet with a conscience and a strength of conviction usually born out of ignorance, Mr. John continues much the same. He was telling us that somewhere he heard people say so and so he took it—he is an innocent gentleman—as a clear direction from this House. Therefore, this House should excuse the Select Committee for exercising powers beyond the scope of the bill. It was not done consciously. They mistook themselves because of an imperfect knowledge of the nature of instructions given to the Select Committee.

Now, instead of a certain category of leaseholds, the Select Committee has included all possible rights regarding property except that of ownership. Lease, lawyers would say, is only a right to enjoy—I am closely following the definition given in the Transfer of Property Act. Out of a bundle of rights, a little juridical,

LIBRARY ARCHIVES Kerala Legislative Assembly

[Mr. Balakrishnan Tampi]

leasehold forms the least important. It is at best a right to enjoy. It has never amounted to an interest in property. Mortgage under the Transfer of Property Act is greater than the bundle of rights called the ownership. In mortgage it is a transfer of interest in a property in view of money secured. For a security for the same advance, it is a certain interest or transfer by way of mortgage. Under these two categories of lease, a mortgage and anomalous mortgages, which are used in ambiguous Malayalam terms in the bill, you will find, Sir, that rights regarding the largest percentage in the land are brought in. Therefore, it is very clear that this bill has gone far beyond the scope of the one which this House had in mind and this country had yet no occasion to apply its mind with a detatched way on the provisions of this Bill. It is but just to the people, it is but just to this House that we get a breathing time to think about its implication on our economy, how it will react on our social and economic rights. We have had no time to think about this.

Another reason for recommittal is that I am saying these things so that I might get a contradiction then and there—there is a talk going round that some members of the Government and some members of the party are interested in large parcels of land—some near Alleppey, others at Thovala and others at Thalayola-parambu and others near the Cement Factory.

MR. T. A. ABDULLA: Have they any in Mavelikara?

MR. P. BALAKRISHNAN TAMPI: I am not interested in it because what little is there is all outside on lease.

As one who knows unfortunately the incidence of property, I do not want my rights to vanish overnight by hasty legislation in this House. I cannot sympathetically understand others who bid us into hasty action and pass a bill which would benefit at best only a few individuals. I do not believe in the allegations of the sponsors of the bill. I wait for an occasion when I may be assured that no member of the Government has any property near the cement factory; no member of the Government is interested in Thalayola-parambu; no member of the Government is interested in Edappally Raja or the respected Paliathachan. I wish to be told so, otherwise, we stand the risk of being prosecuted individually, because in the future any people, on account of a change of complexion might contribute motives—I for my old age do not face any such contingency And that is the reason why we should exculpate ourselves and say that we have no motive except the motive of general good, that we do not mean by this legislation to benefit a few individuals. Let us therefore recommit this bill to the Select Committee. It is not a matter of mandate for the Government. I wish the member in charge of the bill were a little more courteous. His saying in a stantorian voice that this must be finished today looks silly. It is not a parliamentary word by the way. It does not very much redound to the dignity or credit of this House. I will not question

LIBRARY ARCHIVES Kerala Legislative Assembly

his motives. Yet I have a feeling that in matters where even Mr. Subba Aiyar or Kayalam Parameswaran Pillai would have hesitated, honest Mr. John rushes in. When points of law were raised, when rulings were made.....

MR. PRESIDENT: Please avoid references.....

MR. P. BALAKRISHNAN TAMPI: There was hesitancy in the matter but there comes the reply on a point of procedure, point of law, and seeing the change of times.....

MR. MANNAR GOPALAN NAIR: Does the houourable member find that devils creep in where angles fear to tread?

MR. P. BALAKRISHNAN TAMPI: With these words, Sir, I second the motion that the bill be recommitted to another Select Committee.

MR. N. V. CHACKO (*Kunnathnad III—General*): May I know whether the relation between landlord and tenant in agricultural leases is different from the relation between leases defined in the Transfer of Property Act?
